"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-ജുഡീഷ്യറി- ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (സി) വകുപ്പ്

സ.ഉ.(കൈ) നം.30/2026/HOME തീയതി,തിരുവനന്തപുരം, 15-02-2026

---

പരാമർശം:- സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം തീയതി 02.03.2016

**ഉത്തരവ്**

സംസ്ഥാനത്ത് അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികൾ, സബ് കോടതികൾ/അഡീഷണൽ സബ് കോടതികൾ /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ എന്നിവ സ്ഥാപിക്കുന്നത് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടിക പ്രകാരമാണ്. ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരി അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി എന്ന തലക്കെട്ടിൽ ഇനം നം24 ആയി പരാമർശിത സർക്കാർ ഉത്തരവ് പ്രകാരമുള്ള മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) ചങ്ങനാശ്ശേരി ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ അധികാരപരിധിയ്ക്കുള്ളിലാണ് രൂപീകരണ കാലം മുതൽ കറുകച്ചാൽ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വന്നിരുന്നത്. ചങ്ങനാശ്ശേരി താലൂക്കിലെ കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശം മാത്രമാണ് കറുകച്ചാൽ പോലീസ് സ്റ്റേഷൻ അധികാര പരിധി ഉൾപ്പെട്ടിരുന്നത് എന്നാൽ കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിലൂടെ കറുകച്ചാൽ പോലീസ് സ്റ്റേഷനെ കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി-IIന്റെ അധികാരപരിധിയിലേക്ക് മാറ്റി

ഉത്തരവായിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകൾ സന്ദർശിക്കേണ്ടിവരുന്ന മേൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്തുകളിലെ തദ്ദേശവാസികൾക്ക് പ്രസ്തുത തീരുമാനം കടുത്ത ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്നതിനാൽ അധികാരപരിധി മാറ്റി കൊണ്ടുള്ള കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് പിൻ വലിക്കുന്നതിനായി തദ്ദേശവാസികളിൽ നിന്നും, അഭിഭാഷക സമൂഹത്തിൽ നിന്നും വ്യാപകമായ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ചങ്ങനാശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-I-ന്റെ അധികാരപരിധിയിൽ ഉണ്ടായിരുന്നതും കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി II-ലേക്ക് മാറ്റിയതുമായ കറുകച്ചാൽ പോലീസ് സ്റ്റേഷനും ഇപ്പോൾ ചങ്ങനാശ്ശേരിയിൽ തുടരുന്ന ചിങ്ങവനം, വാകത്താനം പോലീസ് സ്റ്റേഷനുകളും പുതിയ കോടതിയുടെ അധികാരപരിധിയിലാക്കണമെന്ന ആവശ്യവും നിലനിൽക്കുന്നുണ്ട്. ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് വഴി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി I-ൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിനും വേഗത്തിൽ നീതി ലഭ്യമാക്കുന്നതിന് വഴിയൊരുക്കുന്നതിനും സഹായകരമാകുമെന്ന് ചൂണ്ടിക്കാട്ടി നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭ്യമായിരുന്നു.

3) മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച് തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം.3677 തീയതി 13.02.2026)

നിയമ വകുപ്പ് (OPN-E1/60/2026-LAW തീയതി 04.02.2026 )

ധനകാര്യ വകുപ്പ് (3413800/Exp-D2/46/2026/Fin dated 09.02.2026 )

വെബ്ബ് & ന്യൂ മീഡിയ, ഐ&പിആർഡി (ഗവ.വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (സി1/155/2025/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Siju P
Date: 16-02-2026 11:38:04
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-02-2026**

ഫയൽ നം. സി1/155/2025/ആഭ്യന്തരം. ഇനം നം: 3677

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3677

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/155/2025/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/01/2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 10.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) ചങ്ങനാശ്ശേരി ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ അധികാരപരിധിയ്ക്കുള്ളിലാണ് രൂപീകരണ കാലം മുതൽ കറുകച്ചാൽ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വന്നിരുന്നത്. ചങ്ങനാശ്ശേരി താലൂക്കിലെ കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശം മാത്രമാണ് കറുകച്ചാൽ പോലീസ് സ്റ്റേഷൻ അധികാര പരിധി ഉൾപ്പെട്ടിരുന്നത് എന്നാൽ കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച അസാധാരണ നോട്ടിഫിക്കേഷനിലൂടെ കറുകച്ചാൽ പോലീസ് സ്റ്റേഷനെ കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി-II ന്റെ അധികാരപരിധിയിലേക്ക് മാറ്റി ഉത്തരവായിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകൾ സന്ദർശിക്കേണ്ടിവരുന്ന മേൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്തുകളിലെ തദ്ദേശവാസികൾക്ക് പ്രസ്തുത തീരുമാനം കടുത്ത ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ അധികാരപരിധി മാറ്റി കൊണ്ടുള്ള കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് പിൻവലിക്കുന്നതിനായി തദ്ദേശവാസികളിൽ നിന്നും, അഭിഭാഷക സമൂഹത്തിൽ നിന്നും വ്യാപകമായ ആവശ്യം ഉയർന്നു വന്നിട്ടുമുണ്ട്. ചങ്ങനാശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-1-ന്റെ അധികാരപരിധിയിൽ ഉണ്ടായിരുന്നതും കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി II-ലേക്ക് മാറ്റിയതുമായ കറുകച്ചാൽ പോലീസ് സ്റ്റേഷനും ഇപ്പോൾ ചങ്ങനാശ്ശേരിയിൽ തുടരുന്ന ചിങ്ങവനം, വാകത്താനം പോലീസ് സ്റ്റേഷനുകളും പുതിയ കോടതിയുടെ അധികാരപരിധിയിലാക്കണമെന്ന ആവശ്യവും നിലനിൽക്കുന്നുണ്ട്. ചങ്ങനാശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് വഴി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി I -ൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിനും വേഗത്തിൽ നീതി ലഭ്യമാക്കുന്നതിന് വഴിയൊരുക്കുന്നതിനും

സഹായകരമാകുമെന്നും ചൂണ്ടിക്കാട്ടി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എയും ഇതേ ആവശ്യം ഉന്നയിച്ച് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

3) സംസ്ഥാനത്ത് അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികൾ, സബ് കോടതികൾ/അഡീഷണൽ സബ് കോടതികൾ /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ എന്നിവ സ്ഥാപിക്കുന്നത് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടിക പ്രകാരമാണ്. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) ശിപാർശപ്രകാരം ചങ്ങനാശ്ശേരി അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി എന്ന തലക്കെട്ടിൽ ഇനം നം.24 ആയി 02/03/2016 തീയതിയിലെ സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) 30.11.2025 വരെ കോട്ടയം ജില്ലയിലെ കോടതികളിലെ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചങ്ങനാശ്ശേരി, JFCMC I – 7563 ക്രിമിനൽ കേസുകൾ,

ചങ്ങനാശ്ശേരി, JFCMC II–ൽ 33 ക്രിമിനൽ കേസുകൾ,

ചങ്ങനാശ്ശേരി, മുൻസിഫ് കോടതി (JFCMC II) –962 സിവിൽ കേസുകൾ

5) മുൻപ് ഈ വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു.മുഖ്യമന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു.

***"ഇക്കാര്യത്തിൽ എം.എൽ.എ തന്നെ വിവിധ അവസരങ്ങളിൽ ഉന്നയിച്ചിട്ടുള്ള ആവശ്യവും കേസുകളുടെ ബാഹുല്യവും കണക്കിലെടുത്ത് കോടതി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ് എന്ന മറുപടി നൽകുക."***

6)സാധാരണയായി അംഗീകൃത മുൻഗണനാ പട്ടിക അനുസരിച്ചാണ് സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നത്, എന്നാൽ ചങ്ങനാശ്ശേരിയിൽ

അസാധാരണമാംവിധം ക്രിമിനൽ കേസുകൾ കെട്ടിക്കിടക്കുന്നതിനാൽ, പ്രത്യേകിച്ച് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-1-ന് മുമ്പാകെയുള്ള അമിത ജോലിഭാരവും കണക്കിലെടുത്ത് ഈ ശിപാർശ ഒരു പ്രത്യേക കേസായി പരിഗണിക്കാവുന്നതാണ്.

7) ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

8) മന്ത്രിസഭാ യോഗത്തിനുളള കരട് കുറിപ്പുകൾ സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയത്തിൽ നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം കൂടി ഉൾപ്പെടുത്തി ഫയൽ പുനഃസമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ നിയമ വകുപ്പിന് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പരാമർശിക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കി:

*"സംസ്ഥാനത്ത് കോടതി സ്ഥാപിക്കുന്നതിനുള്ള മുൻഗണനാപട്ടികയിൽ ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ഇനം നം.24 ആയി ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിയ്ക്കണമെന്നും 03/11/2025 തീയതിയിലെ HCKL/3413/2025/2025/D1-2-HC KERALA നമ്പർ കത്തിൽ ബഹു. ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു എന്നും അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതി, സബ് കോടതികൾ/അഡീഷണൽ സബ് കോടതികൾ /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി എന്നിവ സ്ഥാപിക്കുന്നതിന് 02/03/2016 തീയതിയിലെ സ.ഉ.(കൈ)നം.79/2016 /ആഭ്യന്തരം പ്രകാരം മുൻഗണനാപട്ടിക നിലവിലുണ്ട് എന്നും പ്രസ്തുത പട്ടികയിലെ ക്രമപ്രകാരമാണ് കോടതികൾ സ്ഥാപിക്കേണ്ടതെന്ന് ബഹു. ഹൈക്കോടതിയും ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ഭരണവകുപ്പിന്റെ ഫയലിൽ കാണുന്നു*

2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ വകുപ്പ്-9 ലെ ഉപവകുപ്പ് (1) പ്രകാരം എല്ലാ ജില്ലയിലും സ്റ്റേറ്റ് ഗവൺമെന്റിന്, ബഹു. ഹൈക്കോടതിയോട് ആലോചിച്ചതിന് ശേഷം, വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്നത്ര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റുമാരുടേയും ജുഡീഷ്യൽ രണ്ടാംക്ലാസ് *മജിസ്ട്രേറ്റുമാരുടേയും* കോടതികൾ അങ്ങനെ വിനിർദ്ദേശിക്കാവുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ്

ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന വിഷയത്തിൽ ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് *ഭരണ വകുപ്പിനെ അറിയിക്കുന്നു."*

8) തുടർന്ന്, ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുന്നതിനായി അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പരാമർശിക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കി:

*"ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഇപ്പോൾ തത്വത്തിൽ അംഗീകാരം നല്ലാവുന്നതാണ് എന്നും, തസ്തിക സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിന് ശേഷം പിന്നീട് തീരുമാനമെടുത്താൽ മതിയാകുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*ഇതിന് ബഹു ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്"*

***<u>തീരുമാനിക്കേണ്ട വിഷയം</u>***

തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച് തത്വത്തിൽ അനുമതി നൽകാമോ?